(ബി) ഓവർഹെഡ് ടാങ്ക് കെട്ടി ഇതിന് പരിഹാരം ഉണ്ടാക്കാൻ സർക്കാർ ഉത്തരവു നൽകിയിട്ടും ഇതുവരെയായി യാതൊരു നടപടിയും എടുക്കാത്ത ഉദ്യോഗസ്ഥൻമാരുടെമേൽ എന്തു നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) തിരുവനന്തപുരം ആയുർവേദ കോളേജിൽ ഒരു ആംബുലൻസ് വാൻ വാങ്ങിയിട്ട് ഒരു വർഷമായിട്ടും ഉപയോഗിക്കാതെ കിടന്നു നശിച്ചുപോകുന്നതിന്റെ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജല–മലിനജല അതോറിറ്റിയാണ് ഇപ്പോൾ ഓവർ ഹെഡ് ടാങ്കിന്റെ പണി പൂർത്തിയാക്കേണ്ടത്. ഇത് പൂർത്തിയാക്കുന്നതിലേക്കു 2,67,100 രൂപയുടെ അടങ്കൽ തയ്യാറാക്കിയിട്ടുണ്ട്.

(സി) ആംബുലൻസ് വാൻ ഉപയോഗിക്കുന്നതിനാവശ്യമായ നടപടികൾ കോളേജ് പ്രിൻസിപ്പൽ സ്വീകരിച്ചിട്ടുള്ളതിനാൽ, ഇപ്പോൾ ആവശ്യാനുസരണം ഓടുന്നുണ്ട്.

തിരുവനന്തപുരം ആയുർവേദ കോളേജിൽ പൗവർ ലാൻഡ്രി

770 [932] ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആയുർവേദ കോളേജിൽ ഒരു പൗവർ ലാൻഡ്രി സ്ഥാപിക്കാൻ വേണ്ട ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) അതിനുവേണ്ട യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് എത്ര രൂപ ചെലവായി;

(സി) ഈ യന്ത്രം വാങ്ങിയിട്ടും അത് ഇതുവരെ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2,94,862 രൂപ 50 പൈസ ചെലവായിട്ടുണ്ട്.

(സി) സിവിൽ വർക്കും, ഇലക്ട്രിഫിക്കേഷനും ഇതുവരെ പൊതുമരാമത്ത് വകുപ്പ് ചെയ്തു തീർത്തിട്ടില്ല. പ്രസ്തുത ജോലികൾ തീർന്ന ഉടനെ പൗവർ ലാൻഡ്രി സ്ഥാപിക്കുന്നതാണ്.

ആയുർവേദ കോളേജിലെ പ്രൊഫസർ തസ്തിക

771 [933] ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. സി. ഐ. എം. സിലബസ് അനുസരിച്ച് ബി. എ. എം. എസ്. കോഴ്സിന് നിർദ്ദേശിച്ചിട്ടുള്ള എല്ലാ ഡിപ്പാർട്ടുമെന്റുകളും തിരുവനന്തപുരം ആയുർവേദ കോളേജിൽ നടപ്പിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly